**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819** **11-02-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കുള്ള സ്വർണ്ണമെഡൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പഠനത്തിലും കലാപ്രകടനങ്ങളിലും മികവ് പുലർത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നൽകിയിരുന്ന സ്വർണ്ണ മെഡൽ, പ്രോത്സാഹന തുക എന്നിവയുടെ വിതരണം മുടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | 2020 മുതൽ സ്വർണ്ണ മെഡൽ നൽകുന്ന പദ്ധതിയും 2019 വർഷം മുതൽ നടത്തപ്പെട്ടിട്ടുള്ള സർഗ്ഗോത്സവം പദ്ധതിപ്രകാരമുള്ള പതിനായിരം രൂപയുടെ ക്യാഷ് പ്രൈസ്സ് വിതരണവും നടന്നിട്ടില്ല. |
| (ബി) | എങ്കിൽ എത്ര കാലമായി വിതരണം മുടങ്ങിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 2020 മുതൽ സ്വർണ്ണ മെഡൽ നൽകുന്ന പദ്ധതിയും 2019 വർഷം മുതൽ നടത്തപ്പെട്ടിട്ടുള്ള സർഗ്ഗോത്സവം പദ്ധതിപ്രകാരമുള്ള പതിനായിരം രൂപയുടെ ക്യാഷ് പ്രൈസ്സ് വിതരണവും നടന്നിട്ടില്ല. |
| (സി) | മെഡൽ വിതരണം മുടങ്ങിയതിന്റെ കാരണം വിശദമാക്കുമോ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | ഏതെല്ലാം പരീക്ഷകളിൽ ഉന്നത വിജയം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് മെഡലും തുകയും വിതരണം ചെയ്തിരുന്നതെന്ന് വിശദമാക്കുമോ; | (ഡി) | എസ്.എസ്.എൽ.സി , പ്ലസ്ടു എന്നീ ക്ലാസ്സുകളിലേയും മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളിലേയും ഉന്നത വിജയം കരസ്ഥമാക്കുന്ന 2 പട്ടികജാതി വിദ്യാർത്ഥികൾക്കാണ് വകുപ്പ് മുഖേന ഗോൾഡ് മെഡൽ വിതരണം ചെയ്തിരുന്നത്. |
| (ഇ) | മുടങ്ങിയ മെഡൽ വിതരണം എപ്പോൾ നടത്തുമെന്ന് വിശദമാക്കുമോ? | (ഇ) | പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ